"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

നികുതി വകുപ്പ്-എക്സൈസ്-അബ്കാരി കുടിശ്ശിക ശ്രീ. പി. എൻ. കൃഷ്ണകുമാർ ശ്രീ. വി. പി. ജോർജ്ജ് എന്നിവർക്ക് അധികമായി ഈടാക്കിയ കുടിശ്ശിക തുകയ്ക്ക് പലിശ അനുവദിക്കുന്നത്- അനുമതി നൽകി- ഉത്തരവാകുന്നു.

---

**നികുതി (എ) വകുപ്പ്**

സ.ഉ.(സാധാ) നം.946/2024/TAXES തീയതി,തിരുവനന്തപുരം, 26-10-2024

---

പരാമർശം:-

1. 10.12.2013-ലെ സ. ഉ (സാധാ) നം. 964/2013/നികുതി
2. WP(C) 32085/2014-ന്മേൽ ബഹു. ഹൈക്കോടതി 09.11.2023 ൽ പുറപ്പെടുവിച്ച വിധിന്യായം.
3. എക്സൈസ് കമ്മീഷണറുടെ 24.05.2024 ലെ XM2/21655/2010 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

തൃശ്ശൂർ ഡിവിഷനിലെ അബ്കാരി കുടിശികക്കാരായ ശ്രീ. പി. എൻ കൃഷ്ണകുമാർ, ശ്രീ. വി. പി ജോർജ്ജ് എന്നിവർ 1989 - 1990 കാലഘട്ടത്തിൽ ചാലക്കുടി റേഞ്ചിലെ രണ്ടാം ഗ്രൂപ്പ് ചാരായ ഷാപ്പുകൾ നടത്തിയ വകയിൽ 3,72,500/- രൂപ കുടിശിക വരുത്തിയതിനെ തുടർന്ന് റവന്യൂ റിക്കവറി നടപടികൾക്ക് ശുപാർശ ചെയ്യുകയും, 28.03.2007 വരെയുള്ള റവന്യൂ റിക്കവറി നടപടികളിലൂടെ ടി തുകയും പലിശയും ഈടാക്കുകയും ആയതിന്റെ DCB പട്ടിക തയ്യാറാക്കിയപ്പോൾ 2,96,550/- രൂപ അധികമായി ഈടാക്കിയിട്ടുള്ളതായി കണ്ടെത്തിയതിനെ തുടർന്ന് ശ്രീ. പി. എൻ കൃഷ്ണകുമാറിനും ശ്രീ. വി. പി ജോർജ്ജിനും പ്രസ്തുത തുക തിരകെ നൽകുന്നതിന് അനുമതി നൽകി പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ അധികമായി ഒടുക്കു വരുത്തിയ 2,96,550/- രൂപയ്ക്ക് 18% പലിശ ആവശ്യപ്പെട്ട് ശ്രീ. പി. എൻ കൃഷ്ണകുമാർ ബഹു:കേരള ഹൈക്കോടതി മുമ്പാകെ WP(C)32085/14 നമ്പർ ഹർജി ഫയൽ ചെയ്യുകയും, പ്രസ്തുത ഹർജിയിന്മേൽ ബഹു:കേരള ഹൈക്കോടതി പരാമർശം (2) പ്രകാരം പുറപ്പെടുവിച്ച വിധിന്യായത്തിൽ അപേക്ഷകൻ അധികമായി ഒടുക്കിയ 2,96,550/-രൂപയ്ക്ക് 04.08.2010 മുതൽ 24.10.2014 വരെയുള്ള കാലയളവിലേക്ക് 6% നിരക്കിൽ പലിശ നൽകണമെന്ന് ഉത്തരവിട്ടിട്ടുണ്ട്. പലിശ ഇനത്തിൽ 75,169/-രൂപ അനുവദിക്കേണ്ടതാണെന്നും, ആയത് ശ്രീ. പി.എൻ. കൃഷ്ണകുമാർ, ശ്രീ.വി. പി.ജോർജ്ജ് എന്നിവർക്ക് തുല്യമായി വീതിച്ച് നൽകണമെന്നും എക്സൈസ് കമ്മിഷണർ പരാമർശം (3) പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

2. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. തൃശ്ശൂർ ഡിവിഷനിലെ അബ്കാരി കുടിശികക്കാരായ ശ്രീ. പി. എൻ കൃഷ്ണകുമാർ, ശ്രീ. വി. പി ജോർജ്ജ് എന്നിവർ 1989 - 1990 കാലഘട്ടത്തിൽ ചാലക്കുടി റേഞ്ചിലെ രണ്ടാം ഗ്രൂപ്പ് ചാരായ ഷാപ്പുകൾ നടത്തിയ വകയിൽ

കുടിശിക വരുത്തിയതിനെ തുടർന്ന് റവന്യൂ റിക്കവറി മുഖേന ടിയാളുകളിൽ നിന്നും അധികമായി ഈടാക്കിയ 2,96,550/-രൂപയ്ക്ക് 04.08.2010 മുതൽ 24.10.2014 വരെയുള്ള കാലയളവിലേക്ക് 6% നിരക്കിൽ പലിശയിനത്തിൽ അനുവദിക്കേണ്ടതായുള്ള 75,169/-രൂപയുടെ പകുതി തുകയായ 37,585/-രൂപ 2039-00-001-99-34-03 (NP Charged) എന്ന ശീർഷകത്തിൽ നിന്നും ശ്രീ. പി.എൻ. കൃഷ്ണകുമാറിന് അനുവദിക്കുന്നതിനും, ശ്രീ. വി.പി.ജോർജ്ജ് - ന് അർഹതപ്പെട്ട 37,584 /-രൂപ, ടിയാൻ അപേക്ഷ സമർപ്പിക്കുന്ന മുറയ്ക്ക് അനുവദിക്കുന്നതിനും എക്സൈസ് കമ്മീഷണർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

3. മേൽപ്രകാരം ബഹു. ഹൈക്കോടതിയുടെ പരാമർശം (2) വിധിന്യായം പാലിച്ചിരിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
PRAMOD M V
ജോയിന്റ് സെക്രട്ടറി

പകർപ്പ്

1) എക്സൈസ് കമ്മീഷണർ, തിരുവനന്തപുരം.
2) ശ്രീ.പി.എൻ.കൃഷ്ണകുമാർ, 177-ഹിൽഗാർഡൻ, കുട്ടനെല്ലൂർ, തൃശ്ശൂർ- 680 014
3) അഡ്വക്കേറ്റ് ജനറൽ , എറണാകുളം ( With covering letter)
4) അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരളം, തിരുവനന്തപുരം.
5) അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരളം, തിരുവനന്തപുരം.
6) ധനകാര്യ വകുപ്പ്. (2848317 EXP-B1/361/2024-FIN തീയ്യതി 10.10.2024)
7) വെബ് ആന്റ് ന്യൂ മീഡിയ
8) ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ (എ2/5/2024-നികുതി)

ഉത്തരവിൻ പ്രകാരം

Signed by
Jagadish Babu M
സെക്ഷൻ ഓഫീസർ
Date: 26-10-2024 11:33:55